**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2087** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ ആശുപത്രികൾ/ഹെൽത്ത് സെന്ററുകൾ എന്നിവയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ നിയോജകമണ്ഡലത്തിലെ വിവിധ ആശുപത്രികൾ/ഹെൽത്ത് സെന്ററുകൾ എന്നിവയുടെ നവീകരണത്തിന് ആരോഗ്യ വകുപ്പ് മുഖേന നടത്തുന്ന പദ്ധതികൾ വ്യക്തമാക്കാമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിലെ പൂന്നയൂർ, എങ്ങണ്ടിയൂർ, പൂക്കോട്, തൈക്കാട്, അണ്ടത്തോട്, ഒരുമനയൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. കൂടാതെ നഗര കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതി പ്രകാരം ഗുരുവായൂർ എഫ്.എച്ച്.സിയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ചേറ്റുവ, ഒരുമനയൂർ, നെന്മിനി, കടിക്കാട്, പൂക്കോട്, എടക്കഴിയൂർ എന്നീ സബ് സെന്ററുകളെ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളാക്കി മാറ്റുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചർച്ച നടത്തിയിതിനുശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. 26.07.2021 ലെ സർക്കാർ ഉത്തരവ് പ്രകാരം എല്ലാ നിയോജകമണ്ഡലങ്ങളിലും ഒന്നു വീതം ആരോഗ്യ കേന്ദ്രങ്ങളിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതിൽ ഗുരുവായൂർ മണ്ഡലത്തിൽ സി.എച്ച്.സി കടപ്പുറത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. |
| (ബി) | ചാവക്കാട് താലൂക്കാശുപത്രിയിൽ വകുപ്പ് മുഖേന നടത്തുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ബി) | ചാവക്കാട് താലൂക്ക് ആസ്ഥാന ആശുപത്രിയുടെ ഒ.പി. നവീകരണവുമായി ബന്ധപ്പെട്ട് എൻ.എച്ച്.എം മുഖേന 1.22 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2017-2018 സാമ്പത്തിക വർഷത്തിൽ അനുമതിയായിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കി വരുന്നു. കൂടാതെ പോളിക്ലിനിക്ക്, കാഷ്വാലിറ്റി ബ്ലോക്ക്, CSSD എന്നിവയുടെ നിർമ്മാണങ്ങൾക്കായുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയതിന്റെ മണ്ണുപരിശോധന പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ